# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.237 — 19/06/2013 ൽ മറുപടിക്ക്

### 108 ആംബുലൻസുകളുടെ സേവനം

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി. ഡി. സതീശൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 108 ആംബുലൻസുകളുടെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാക്കാൻ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് 287 ബേസിക് ലൈഫ് സപ്പോർട്ട് (BLS) ആംബുലൻസുകളും, എൻ.ആർ.എച്ച്.എം.ന്റെ ജനനി ശിശു സുരക്ഷ കാര്യക്രം (JSSK)ൽ പെടുത്തി 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസ് (PTA) കളും വാങ്ങി '108' എന്ന ടോൾഫ്രീ നമ്പറിൽക്കൂടി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. നിലവിലുള്ള 50 ALS ആംബുലൻസുകളും, 287 BLS ആംബുലൻസുകളും എല്ലാ ജില്ലകളിലേയ്ക്കും ആവശ്യാനുസരണം വിന്യസിക്കുകയും, മെഡിക്കൽ എമർജൻസികളിൽ പൊതുജനങ്ങൾ '108' എന്ന നമ്പറിലേക്ക് വിളിക്കുമ്പോൾ GPS സംവിധാനം മുഖേന വിളിക്കുന്നയാളിന്റെ ഏറ്റവും അടുത്തുള്ള ആംബുലൻസ് അങ്ങോട്ടയച്ച് വേണ്ട ആതുര ശുശ്രൂഷ നൽകുകയും അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുകയും ചെയ്യും. JSSK യിൽ ഉൾപ്പെടുത്തി വാങ്ങുന്ന വാഹനങ്ങൾ പ്രധാനമായും പ്രസവിക്കാറായ അമ്മമാരെ ആശുപത്രിയിലേക്കും, |

| | | | |
|---|---|---|---|
| | | | പ്രസവത്തിന് ശേഷം തിരികെ വീട്ടിലേയ്ക്കും എത്തിക്കുവാനായി ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മറ്റവസരങ്ങളിൽ പ്രസ്തുത വാഹനങ്ങൾ രോഗികളെ ഒരു ആശുപത്രിയിൽ നിന്നും മറ്റൊരു ആശുപത്രിയിലേക്ക് മാറ്റുവാനും അടിയന്തിരഘട്ടങ്ങളിൽ രോഗികളെ ആശുപത്രിയിൽ എത്തിക്കുവാനും വേണ്ടി ഉപയോഗിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ ; | (സി) | സർക്കാർ 'കെംപ് 'ന്റെ മാനേജിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ നിയമിക്കുകയുണ്ടായി. എൻ.ആർ.എച്ച്.എം.-ൽ 'കെംപ് ' പ്രോജക്ടിനായി ലഭിക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേക്ക് മാറ്റുകയും, കോർപ്പറേഷൻ ഈ തുക ഉപയോഗിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. 'കെംപ് ' ഒരു (PPP) Private Public Partnership പ്രോജക്ട് ആണ്. ഇതിന്റെ പ്രൈവറ്റ് പാർട്ട്ണർ 'സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ്' എന്ന കമ്പനിയാണ്. ഈ കമ്പനിയാണ് 'കെംപ് 'ന്റെ ഓപ്പറേറ്റിംഗ് ഏജൻസി. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പുതിയതായി 287 BLS ആംബുലൻസുകളും 283 PTA ആംബുലൻസുകളും വാങ്ങുമ്പോൾ കേരളമാകെ പ്രവർത്തിപ്പിക്കുവാനായി ഏജൻസിയെ കണ്ടെത്തുവാനുള്ള താല്പര്യപത്രം ക്ഷണിക്കുകയുണ്ടായി. ഏജൻസിയെ കണ്ടെത്തിയ ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ